# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 4676 26.10.2016 ലെ മറുപടി

## രണ്ടാംവിള നെൽകൃഷിക്ക് ആവശ്യമായ വെള്ളം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ: | മാത്യു. ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) പാലക്കാട് ജില്ലയിൽ രണ്ടാംവിള നെൽകൃഷിക്ക് ആവശ്യമായ വെള്ളം കർഷകർക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ? | (എ) പാലക്കാട് മൈനർ ഇറിഗേഷൻ ഡിവിഷന് കീഴിൽ 35 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും കൂടാതെ പുഞ്ചോല, പാമ്പൻ തോട്, ആനമൂളി എന്നീ മൂന്ന് ഡൈവേർഷൻ സ്കീമുകളും പ്രവർത്തിക്കുന്നുണ്ട്. നെൽ കൃഷിക്ക് ആവശ്യമായ വെള്ളം സുഗമമായി ലഭ്യമാക്കുന്നതിന് ഇവയുടെ പ്രവർത്തനം തടസ്സം കൂടാതെ നടത്തുന്നതിനുള്ള മുൻകരുതലുകൾ എടുത്തിട്ടുണ്ട്.<br><br>കൂടാതെ പാലക്കാട് ജില്ലയിൽ രണ്ടാം വിള നെൽകൃഷിക്കാവശ്യമായ വെള്ളം കർഷകർക്ക് ലഭ്യമാക്കുന്നതിന് ചീഫ് എഞ്ചിനീയർ പ്രോജക്ട്-I ന്റെ കാര്യാലയത്തിനു കീഴിൽ വിവിധ പദ്ധതികളിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>മലമ്പുഴ, മംഗലം, പോത്തുണ്ടി പദ്ധതികളിൽ നിന്നും ജലസേചനം നടത്തുന്നതു സംബന്ധിച്ച തീരുമാനമെടുക്കുന്നതിനായുള്ള ഉപദേശക സമിതി യോഗം 22.10.2016 ന് പാലക്കാട് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ചേരുകയും രണ്ടാം വിളയ്ക്കായുള്ള ജലസേചനം നടത്താൻ തീരുമാനിക്കുകയും ചെയ്തു. കാഞ്ഞിരപ്പുഴ ഡാമിൽ രണ്ടാം വിള നെൽ കൃഷിയ്ക്കാവശ്യമായ ജലസേചന ത്തിനുള്ള ജലം സംഭരിച്ചിട്ടുണ്ട്. മഹാത്മാ ഗാന്ധി നാഷണൽ റൂറൽ എംപ്ലോയ്മെന്റ് ഗ്യാരന്റി സ്കീം MNREGS പദ്ധതി പ്രകാരം കനാൽ ശുദ്ധീകരണം പൂർത്തിയായാൽ മാത്രമേ |

ജലസേചനം ആരംഭിക്കുവാൻ കഴിയുകയുള്ളു. ചിറ്റൂർ പുഴ പദ്ധതി ഡിവിഷൻ കീഴിലെ മീങ്കര, ചുള്ളിയാർ, വാളയാർ ഡാമുകളിൽ രണ്ടാം വിളയ്ക്ക് ജലസേചനത്തിനാവശ്യമായ ജലം നിലവിലില്ല. വടക്ക് കിഴക്കൻ കാലവർഷം നല്ലരീതിയിൽ ലഭിക്കുകയും മതിയായ ജലം സംഭരിക്കാൻ കഴിയുകയും ചെയ്യുന്ന മുറയ്ക്ക് രണ്ടാം വിള നെൽ കൃഷിയ്ക്ക് ജലസേചനം നടത്താൻ കഴിയുന്നതാണ്. കൂടാതെ പറമ്പിക്കുളം ആളിയാർ കരാർ പ്രകാരമുള്ള ജലം ലഭിച്ചാൽ ചിറ്റൂർ പുഴ പദ്ധതിയിൽ രണ്ടാം വിളയ്ക്കുള്ള ജലം നല്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**സെക്ഷൻ ഓഫീസർ.**